©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE

## PUBLISHED BY AUTHORITY

Vol. LVI
വാല്യം 56

THIRUVANANTHAPURAM, TUESDAY
തിരുവനന്തപുരം, ചൊവ്വ

6th December 2011
2011 ഡിസംബർ 6
15th Agrahayana 1933
1933 അഗ്രഹായനം 15

No.
നമ്പർ
48

## PART III

# Co-operative Department

### ക്ലെയിം നോട്ടീസ്

നമ്പർ പി. 704/2011. 2011 മേയ് 28.

പത്തനംതിട്ട സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 18-5-2011-ലെ എസ്. സി. റ്റി. എം. 4031/2010-ാം നമ്പർ ഉത്തരവിൻ പ്രകാരം പത്തനംതിട്ട റീട്ടെയിൽ കെമിസ്റ്റ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ പി. റ്റി. 171-ന്റെ പ്രവർത്തനം നിർത്തൽ ചെയ്ത് കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പത്തനംതിട്ട യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചിട്ടുള്ളതാണ്. ലിക്വിഡേറ്റർ സംഘത്തിന്റെ ചാർജ്ജ് 28-5-2011-ൽ ഏറ്റെടുത്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുക കിട്ടാനുണ്ടെങ്കിൽ ആ വിവരം ഈ നോട്ടീസ് പരസ്യപ്പെടുത്തിയ തീയതി മുതൽ 2 മാസത്തിനകം ലിക്വിഡേറ്ററായ എന്നെ നേരിലോ ചുമതലപ്പെട്ട ഏജന്റ് മുഖാന്തിരമോ അറിയിക്കണമെന്നുള്ള വിവരം ഇതിനാൽ പൊതുജനങ്ങളേയും സംഘാംഗങ്ങളേയും അറിയിച്ചുകൊള്ളുന്നു.

സഹകരണ സംഘം അസിസ്റ്റന്റ്
രജിസ്ട്രാർ (ജനറൽ) ആഫീസ്,
പത്തനംതിട്ട.

(ഒപ്പ്)
ലിക്വിഡേറ്റർ.

### ആലപ്പുഴ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

നമ്പർ എ.ഇ.എൽ.4492/93. 2011 സെപ്റ്റംബർ 29.

പരാമർശം:—1. ആലപ്പുഴ ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 6-8-1993-ലെ സി.എസ്. 3569/93-ാം നമ്പർ ഉത്തരവ്.

2. ലിക്വിഡേറ്ററുടെ 27-9-2011-ലെ ബി. 653/11-ാം നമ്പർ ഉത്തരവ്.

3. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാവേലിക്കരയുടെ 27-9-2011-ലെ ബി. 653/11-ാം നമ്പർ കത്ത്.

എ 358-ാം നമ്പർ ചുനക്കര പഞ്ചായത്ത് കൺസ്യൂമർ സഹകരണസംഘത്തിന്റെ സമാപ്തീകരണ നടപടി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സംഘം പ്രവർത്തനം അവസാനമായി സമാപ്തീകരിച്ചുകൊണ്ട് സംഘം ലിക്വിഡേറ്റർ പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് അംഗീകരിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ സംഘം രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനും മാവേലിക്കര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പരാമർശം (3) കത്ത് പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തിരിക്കുന്നു. സംഘം ലിക്വിഡേറ്ററുടെ ഉത്തരവ് അംഗീകരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

എ 358-ാം നമ്പർ ചുനക്കര പഞ്ചായത്ത് കൺസ്യൂമർ സഹകരണസംഘത്തിന്റെ സമാപ്തീകരണ നടപടികൾ സമാപ്തീകരിച്ചുകൊണ്ടുള്ള സംഘം ലിക്വിഡേറ്ററുടെ 27-9-2011-ലെ ഉത്തരവ് അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ സഹകരണ നിയമത്തിലെ 74-ാം വകുപ്പുപ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുകയും ചെയ്യുന്നു.

സംഘത്തിന്റെ പുസ്തകങ്ങളും റിക്കാർഡുകളും ലിക്വിഡേറ്റർ മൂന്നുവർഷത്തേക്ക് സൂക്ഷിക്കേണ്ടതും ആയതിനു ശേഷം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ അനുവാദം വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, ആലപ്പുഴ.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

---

## കോട്ടയം സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

നമ്പർ എ.ഇ.എൽ./1988/04. 2011 ഒക്ടോബർ 31.

സൂചന :— 1. സഹകരണസംഘം രജിസ്ട്രാറുടെ 28-3-2003-ലെ എം. റ്റി. (3) 40535/01-ാം നമ്പർ ഉത്തരവ്.
2. സംഘം ലിക്വിഡേറ്ററുടെ/പൊതുയോഗത്തിന്റെ 29-4-2007-ലെ 6-ാം നമ്പർ തീരുമാനം.
3. ഈ ആഫീസിലെ 4-10-2011-ലെ ഇതേ നമ്പർ ഉത്തരവ്.
4. ലിക്വിഡേറ്ററുടെ 4-10-2011-ലെ 8-ാം നമ്പർ തീരുമാനം.
5. കോട്ടയം (ജനറൽ) അസിസ്റ്റന്റ് രജിസ്ട്രാറുടെ 17-10-2011-ലെ കെ. എൻ. 183/08-ാം നമ്പർ കത്ത്.

സൂചന (1) പ്രകാരം 4290-ാം നമ്പർ കോട്ടയം ബാലസാഹിത്യ സഹകരണസംഘം ലിക്വിഡേഷനിലാവുകയും, ലിക്വിഡേറ്റർ 4-6-2003-ൽ ചാർജ് എടുക്കുകയും ചെയ്തിട്ടുണ്ട്. സൂചന 4 പ്രകാരം സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ചതായി ലിക്വിഡേറ്റർ അറിയിച്ചിട്ടുണ്ട്. ലിക്വിഡേറ്ററുടെ നടപടികൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെട്ടിരിക്കുന്നു.

4-6-2003-ൽ ചാർജ്ജെടുത്ത ലിക്വിഡേറ്റർ (കോട്ടയം നോർത്ത് യൂണിറ്റ് ഇൻസ്പെക്ടർ) സംഘത്തിന്റെ സാദ്ധ്യമായ ആസ്തികൾ ഈടാക്കാനും, കൊടുക്കാവുന്ന ബാദ്ധ്യതകൾ കൊടുത്തു തീർക്കാനും ഉള്ള ശ്രമം നടത്തിയതിനുശേഷം ചാർജ്ജ് എടുത്ത തീയതിയിലെ ബാക്കി പത്രം അനുസരിച്ച് താഴെ പറയുന്ന തുകകൾ ആസ്തി ഇനത്തിൽ എഴുതി തള്ളുന്നതിനും ബാദ്ധ്യതകൾ കണ്ടുകെട്ടുന്നതിനും സൂചന 3 പ്രകാരം ഉത്തരവു നൽകിയിട്ടുണ്ട്.

**എഴുതി തള്ളിയ തുകയും ബാക്കിപത്രം 5-5-2009-ലെ ആഡിറ്റഡ് ബാക്കി പത്രത്തെ ആസ്പദമാക്കി**

| *ആസ്തികൾ* | ` | *ബാദ്ധ്യത* | ` |
|---|---|---|---|
| നീക്കിയിരുപ്പ് | 29.99 | ഓഹരി | 5,740.00 |
| ആകെ സമാനം | 590.00 | കരുതൽ ധനം | 3,315.88 |
| നീക്കിയിരുപ്പ് ചരക്ക് | 13,658.15 | (നിക്ഷേപിക്കാത്തത്) | |
| കുറവു കണ്ട ചരക്ക് | 122.69 | കരുതലുകൾ | 24,599.32 |
| അഡ്വാൻസുകൾ വരേണ്ടവ | 10,214.95 | വിദ്യാഭ്യാസ ഫണ്ട് | 13.38 |
| അറ്റ നഷ്ടം | 46,785.93 | അഫി. ഫീസ് (തൻ ചിലവ്) | 420.00 |
| | | റോയൽറ്റി ലോസ് | 10,606.40 |
| | | റിസർവ്വ് സെയിൽസ് ഒമിഷൻ | 339.30 |
| | | അഡ്വാൻസുകൾ കൊടുക്കേണ്ടവ | 7,995.09 |
| | | മുന്നാണ്ടുകളിലെ വീതിക്കാത്ത ലാഭം | 18,372.34 |
| ആകെ | 71,401.71 | ആകെ | 71,401.71 |

ടി തുകകൾകൂടി ഉൾപ്പെട്ട ലിക്വിഡേറ്ററുടെ നാളിതുവരെയുള്ള വരവ് ചിലവ് കണക്ക് താഴെ പറയും പ്രകാരമാണ്.

വരവുചെലവ് കണക്ക് 4-6-2003 മുതൽ 4-10-2011 വരെ

| *വരവ്* | ` | *ചെലവ്* | ` |
|---|---|---|---|
| ബാങ്ക് നിക്ഷേപം പിൻവലിച്ചത് | 65.37 | ഇ ആന്റ് സി | 65.37 |
| ലിക്വിഡേറ്റർ അഡ്വാൻസ് | 45.00 | അഡ്വാൻസുകൾ നൽകാനുള്ളവ | 45.00 |
| ആസ്തികൾ എഴുതി തള്ളിയത് | 71,401.71 | ബാദ്ധ്യതാ കണ്ടുകെട്ടിയത് | 71,401.71 |
| ആകെ | 71,512.08 | ആകെ | 71,512.08 |

സംഘത്തിന്റെ ഇപ്പോഴത്തെ ബാക്കി പത്രം താഴെ പറയുംപ്രകാരമാണ്

| ആസ്തി | ബാദ്ധ്യത |
|---|---|
| ഇല്ല | ഇല്ല |

സംഘത്തിന്റെ അവസാന പൊതുയോഗം 29-4-2007-ൽ കൂടി ലിക്വിഡേറ്ററുടെ നടപടികൾ അംഗീകരിച്ചിട്ടുള്ളതും 6-ാം നമ്പർ തീരുമാന പ്രകാരം ആസ്തി ബാദ്ധ്യതകൾ എഴുതി തള്ളിയും കണ്ടുകെട്ടിയും അനുമതി ലഭിക്കുന്ന മുറയ്ക്ക് ലിക്വിഡേറ്ററെ രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിനുള്ള അനുമതിക്ക് അപേക്ഷിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളതും സൂചന 4 പ്രകാരം അപ്രകാരം അപേക്ഷിച്ചിട്ടുള്ളതും സൂചന 5 പ്രകാരം ആയതു ശുപാർശ ചെയ്തിട്ടുള്ളതുമാകുന്നു. ടി സംഘത്തിന്റെ നടപടികൾ പരിശോധിച്ചതിൽ നിന്നും ലിക്വിഡേഷൻ കണക്കിൽ ഒന്നും ബാക്കി നിൽപ്പില്ല എന്നും ഇപ്രകാരം സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ചതായി എനിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

4290-ാം നമ്പർ കോട്ടയം ബാലസാഹിത്യ സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം 74-ാം വകുപ്പുപ്രകാരം റദ്ദുചെയ്തുകൊണ്ടും സംഘത്തിന്റെ പേര് സംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ടും ഉത്തരവാകുന്നു.

ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകളും ഫയലുകളും ചട്ടം 70-ൽ നിഷ്ക്കർഷിക്കും പ്രകാരം 3 വർഷക്കാലം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ആഫീസിന്റെ അനുമതിയോടുകൂടി നശിപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)

കോട്ടയം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).